REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ISRO-യുടെ ഡോക്കിംഗ് & അൺഡോക്കിംഗ് ദൗത്യം -'സ്പേഡെക്സ്' ഇന്ന് രാത്രി വിക്ഷേപിക്കും.**
- **കലൂർ സ്റ്റേഡിയത്തിൽ VIP ഗ്യാലറിയിൽ നിന്ന് വീണ് പരിക്കേറ്റ ഉമാ തോമസ് MLA യുടെ ആരോഗ്യനില അൽപ്പം മെച്ചപ്പെട്ടതായി മന്ത്രി P. രാജീവ്.**
- **കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കോഴിക്കോട് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ സന്ദർശിച്ചു.**
- **കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം അൽപ്പ സമയത്തിനകം ഒപ്പുവെക്കും.**
- **മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട വൈകിട്ട് തുറക്കും.**
- **മെൽബൺ ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയയ്ക്ക് ജയം. ഇന്ത്യയെ തോൽപ്പിച്ചത് 184 റൺസിന്.**

## വാർത്തകൾ വിശദമായി

ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ISRO-യുടെ ഡോക്കിംഗ് & അൺഡോക്കിംഗ് ദൗത്യം -'സ്പേഡെക്സ്' ഇന്ന് വിക്ഷേപിക്കും. PSLV -C- 60 വിക്ഷേപണ വാഹനമാണ് 'സ്പാഡെക്സ്' മിഷൻ ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിക്കുന്നത്. രാത്രി 9.58ന് ശ്രീഹരിക്കോട്ട സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം.

SDX01, SDX02 എന്നീ ഉപഗ്രഹങ്ങളെ 476 കിലോമീറ്റർ ഉയരെ ഭ്രമണപഥത്തിൽ എത്തിക്കുന്ന ദൗത്യമാണിത്. ഭ്രമണപഥത്തിൽ 10 മുതൽ 15 കിലോമീറ്റർ ഉയരത്തിൽ എത്തിച്ച ശേഷം അകലം കുറച്ച് ഒന്നിച്ചുചേർക്കുന്ന പ്രക്രിയയായ സ്പേസ് ഡോക്കിങ് നടത്തും.  ഒന്നിച്ച് വിക്ഷേപിച്ച ശേഷം ബഹിരാകാശത്ത് വച്ച് രണ്ട് വഴിക്ക് പിരിയുന്ന ഇവ വീണ്ടും ഒത്തുചേരും. അതാണ് സ്പേസ് ഡോക്കിംഗ് എക്സ്പെരിമെന്റ് അഥവാ സ്പാഡെക്സ് ദൗത്യം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്......

ഇന്ത്യൻ ഓൺ മൂൺ, ചന്ദ്രനിൽ നിന്ന് സാമ്പിൾ റിട്ടേൺ, നിർദിഷ്ട ഭാരതീയ അന്തരിക്ഷ് സ്റ്റേഷന്റെ നിർമ്മാണവും പ്രവർത്തനവും തുടങ്ങി ഇന്ത്യയുടെ ബഹിരാകാശ അഭിലാഷങ്ങൾക്ക് ഇന്ന് രാത്രി ISRO യുടെ സ്പാഡെക്സ് ദൗത്യം അത്യന്താപേക്ഷിതമാണ്. പുതിയ ഡോക്കിംഗ് മെക്കാനിസത്തിന്റെ എണ്ണം, സെൻസറുകൾ, ഇന്റർ സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിങ്ക്, സിമുലേറ്ററുകൾ എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയുടെ ഭാവി ബഹിരാകാശ ഉദ്യമങ്ങൾക്ക് നിർണായകവും ബഹിരാകാശ പര്യവേക്ഷണ യാത്രയിൽ സുപ്രധാനമായ ഒരു ചുവടുവെപ്പുമാണ് ഈ ദൗത്യം.

രണ്ട് ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വച്ച് കൂട്ടിച്ചേർക്കുക എളുപ്പമല്ല. രണ്ട് പേടകങ്ങളുടെയും വേഗ നിയന്ത്രണം കൃത്യമായിരിക്കണം. കൂടിച്ചേർന്ന് കഴിഞ്ഞാൽ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും വേണം. ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ എന്ന സ്വന്തം ബഹിരാകാശ നിലയം യാഥാർത്ഥ്യമാക്കാൻ ഈ സാങ്കേതിക വിദ്യ സ്വന്തമാക്കേണ്ടതുണ്ട്. നിലയത്തെ ഒരൊറ്റ വിക്ഷേപണത്തിൽ ബഹിരാകാശത്ത് എത്തിക്കുക സാധ്യമല്ല. ഘട്ടം ഘട്ടമായി വിക്ഷേപിച്ച് പിന്നീട് ബഹിരാകാശത്ത് വച്ച് കൂടിച്ചേർക്കുക മാത്രമാണ് പ്രായോഗികം.

സോവിയറ്റ് യൂണിയനും അമേരിക്കയും ചൈനയും സ്വന്തം ബഹിരാകാശ നിലയങ്ങൾ യാഥാർത്ഥ്യമാക്കിയത് ഇങ്ങനെയാണ്. സ്പാഡെക്സ് ദൗത്യം വിജയിച്ചാൽ ഡോക്കിംഗ് സാങ്കേതിക വിദ്യ സ്വന്തമായ നാലാമത്തെ രാജ്യമാകും ഇന്ത്യ. ചന്ദ്രയാൻ നാല് ദൗത്യത്തിലും ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാനാണ് ഇസ്രോ തീരുമാനം.

✪✪✪

അമേരിക്കൻ മുൻ പ്രസിഡന്റ് ജിമ്മി കാർട്ടർ അന്തരിച്ചു. നൊബേൽ സമ്മാന ജേതാവും ഡെമോക്രാറ്റ് നേതാവുമായിരുന്ന അദ്ദേഹത്തിന് 100 വയസ്സായിരുന്നു. അമേരിക്കയുടെ 39ാമത്തെ പ്രസിഡന്റായിരുന്നു ജിമ്മി കാർട്ടർ. അർബുദം  ബാധിച്ച അദ്ദേഹം  പിന്നീട് അതിനെ അതിജീവിച്ച്

സാധാരണ ജീവിതത്തിലേക്ക് തിരികെയെത്തിയിരുന്നു. 1977 മുതൽ 1981വരെയായിരുന്നു ജിമ്മി കാർട്ടർ യുഎസ് പ്രസിഡന്റായിരുന്നത്.

✪✪✪

കലൂർ സ്റ്റേഡിയത്തിൽ ഗ്യാലറിയിൽ നിന്ന് വീണ് തലയ്ക്ക് ഗുരുതര പരിക്കേറ്റ തൃക്കാക്കര MLA ഉമാ തോമസിന്റെ ആരോഗ്യനില അൽപ്പം മെച്ചപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി P. രാജീവ് അറിയിച്ചു. സ്റ്റേഡിയത്തിലെ സുരക്ഷാ വീഴ്ച സംബന്ധിച്ച് ഗൗരവമായി അന്വേഷിക്കുമെന്നും സംഘാടകരുടെ ഭാഗത്ത് പിഴവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കുമെന്നും മന്ത്രി കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

അഞ്ചംഗ ഡോക്ടർമാരടങ്ങിയ വിദഗ്ധ സംഘം നിരീക്ഷിക്കുകയാണെന്നും വെന്റിലേറ്ററിന്റെ സഹായം തുടരേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

അതേ സമയം, ഉമാ തോമസ് MLA യ്ക്ക് രാവിലെ നടത്തിയ CT സ്കാനിൽ തലയുടെ പരിക്ക് കൂടുതൽ ഗുരുതരമായിട്ടില്ലെന്ന് കണ്ടെത്തിയതായി ആശുപത്രി അധികൃതർ പുറത്തിറക്കിയ മെഡിക്കൽ ബുള്ളറ്റിൻ പറഞ്ഞു.

ആന്തരിക രക്തസ്രാവം വർധിച്ചിട്ടില്ലെങ്കിലും ശ്വാസകോശ ചതവുകൾ അല്പം കൂടിയതായി കണ്ടെത്തിയിട്ടുണ്ട്.

ശ്വാസകോശത്തിന് സാരമായ ചതവുകൾ ഉള്ളതിനാൽ കുറച്ചുനാൾ കൂടി വെന്റിലേറ്ററിൽ തുടരേണ്ടിവരും. സെർവിക്കൽ സ്പൈനിന് ഒടിവ് സംഭവിച്ചിട്ടുണ്ടെങ്കിലും, ഇടപെടലുകൾ ആവശ്യമില്ലെന്നും, ശാരീരികാവസ്ഥ മെച്ചപ്പെട്ടതിനു ശേഷം ആവശ്യമെങ്കിൽ ചികിത്സാ നടപടികൾ തുടങ്ങാവുന്നതാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കോഴിക്കോട് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ സന്ദർശിച്ചു. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ സന്ദർശിച്ച മന്ത്രി പ്രധാനമന്ത്രി സ്വാസ്ത്യ സുരക്ഷാ യോജനയിൽ പെടുത്തി നടപ്പാക്കുന്ന നവീകരണ പ്രവൃത്തികൾ വിലയിരുത്തി.

പുതിയാപ്പ ഫിഷിംഗ് ഹാർബറും കേന്ദ്ര സഹമന്ത്രി സന്ദർശിച്ചു. പുതിയാപ്പയിൽ 21 കോടി ഏഴ് ലക്ഷം രൂപയുടെ വികസന പ്രവൃത്തികളാണ് PMSSY- യിൽ നടപ്പാക്കുന്നത്.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നു. ഇതിന്റെ ധാരണാപത്രം അല്പസമയത്തിനകം ഒപ്പുവെക്കും.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...

(വോയ്സ് )

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽവെച്ച് കേരള എയർലൈൻസ് കണ്ണൂർ രാജ്യാന്തര ആനത്താവള കമ്പനി അധികൃതരും ചേർന്നാണ് ഒപ്പുവെക്കുക.

കേരള സർക്കാരിനും സിയാലിനും മറ്റ് പൊ തുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള. കണ്ണൂ രിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോ ട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്. മാർച്ച് മാസത്തോടെ സർവീസ് ആരംഭിക്കാനാണ് ശ്രമം

തുടക്കത്തിൽ ഡൽഹി മുംബൈ, ബംഗ്ളൂരു,ഹൈദരാബാദ് എന്നിവടങ്ങളിലാണ് എയർ കേരള സർവ്വീസ് നടത്തുക. രണ്ടാം ഘട്ടത്തിൽ അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിക്കും.

✪✪✪

MT വാസുദേവൻ നായർക്ക് ആദരമർപ്പിക്കാൻ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ടാഗോർ തിയേറ്ററിൽ വൈകിട്ട് ചേരുന്ന സമ്മേളനത്തിൽ മന്ത്രിമാരും ജനപ്രതിനിധികളും സാഹിത്യരംഗത്തെ പ്രമുഖരും MTയെ അനുസ്മരിക്കും.

✪✪✪

മാലിന്യം വലിച്ചെറിയൽ വിരുദ്ധ വാരാചരണത്തിന് സംസ്ഥാനത്ത് പുതുവത്സരദിനമായ മറ്റന്നാൾ തുടക്കമാകും. ഇതിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ക്യാമറാ നിരീക്ഷണം ശക്തമാക്കും. നിയമലംഘകർക്കെതിരെ തദ്ദേശ ഭരണ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ടീം വഴി നിയമ നടപടി കൂടുതൽ ശക്തമാക്കാൻ മന്ത്രി MB. രാജേഷ് നിർദ്ദേശം നൽകി.

ക്യാമ്പയിനിന്റെ ഭാഗമായി എല്ലാ സംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും മറ്റ് കൂട്ടായ്മകളുടെയും പ്രതിനിധികളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾ രൂപീകരിക്കും. ഇതോടൊപ്പം മാലിന്യം ശേഖരിക്കാനുള്ള ബിന്നുകൾ പ്രധാന കേന്ദ്രങ്ങളിലും

സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നുവെന്നും അവ കൃത്യമായി പരിപാലിക്കുന്നുവെന്നും ജനകീയ സഹകരണത്തോടെ ഉറപ്പാക്കും. മാലിന്യസംസ്കരണ രംഗത്ത് സംസ്ഥാനം രാജ്യത്തിന് മാതൃകയാകുമ്പോഴും, പൊതുവിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത തുടരുന്ന സാഹചര്യത്തിലാണ് ജനകീയ ക്യാമ്പയിൻ ഏറ്റെടുക്കുന്നത്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി സ്വർണകപ്പ് ഘോഷയാത്ര നാളെ കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട്ട് നിന്ന് ആരംഭിക്കും. എല്ലാ ജില്ലകളിലൂടെയും സഞ്ചരിച്ച് വെള്ളിയാഴ്ച്ച  വൈകിട്ട്  പ്രധാന വേദിയായ തിരുവനന്തപുരം സെൻ്റർ സ്റ്റേഡിയത്തിൽ യാത്ര എത്തിച്ചേരും.

✪✪✪

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട  വൈകിട്ട് നാലിനു തുറക്കും. നാളെ പുലർച്ചെ മുതൽ പൂജകൾ ആരംഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ..

.....(വോയ്സ്).....

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമല ശ്രീധർമ്മ ശാസ്താക്ഷേത്ര നട ഇന്ന് വൈകുന്നേരം നാലിന് തുറക്കും. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി എസ്. അരുൺ കുമാർ നമ്പൂതിരി നടതുറന്ന് ദീപങ്ങൾ തെളിക്കും. മേൽശാന്തി സന്നിധാനത്തെ ആഴിയിൽ അഗ്നി പകരുന്നതോടെ തീർത്ഥാടകർക്ക് പതിനെട്ടാം പടി ചവിട്ടി ദർശനം നടത്താം. മകരവിളക്കുകാല ത്തെ പൂജകൾ നാളെ പുലർച്ചെ 3ന് ആരംഭിക്കും.

ദിവസവും പുലർച്ചെ 3.30 മുതൽ രാവിലെ 11 വരെ നെയ്യഭിഷേകവും ഉച്ചയ്ക്കു കളഭാഭിഷേകവും മറ്റ് വിശേഷാൽ പൂജകളുൾപ്പെടെ എല്ലാ പൂജകളും നടക്കും.

11ന് എരുമേലി പേട്ട തുള്ളൽ നടക്കും. ജനുവരി 12ന് ഉച്ചയോടെ തിരുവാഭരണ ഘോഷയാത്ര ശബരിമലയിലേയ്ക്ക് പുറപ്പെടും. പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിൽ  ഡിസംബർ 31 മുതൽ ജനുവരി 11 വരെ രാവിലെ 5.30മുതൽ രാത്രി 8 വരെ ഭക്തർക്ക്തിരുവാഭരണ ദർശനം ലഭിക്കും. 13നു പമ്പ സദ്യയും വിളക്കും നടക്കും. 14 ന് മകരവിളക്ക് നടക്കും. 19നു രാത്രിവരെ തീർഥാടകർക്ക് ദർശനം നടത്താം. അന്നേദിവസം നട അടച്ചശേഷം മാളികപ്പുറത്ത് ഗുരുതിപൂജ നടക്കും. 20 ന് നട അടയ്ക്കുന്ന അന്ന് രാവിലെ രാജപ്രതിനിധിക്കു മാത്രമാകും ദർശനം അനുവദിക്കുക.

✪✪✪

92-ാമത് ശിവഗിരി തീർത്ഥാടനത്തിന് തുടക്കമായി. ശ്രീനാരായണധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി പതാക ഉയർത്തിയതോടെയാണ് മൂന്ന്ദിവസത്തെ പരിപാടികൾ ആരംഭിച്ചത്.

✪✪✪

മെൽബണിൽ ബോർഡർ ഗാവസ്കർ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ നാലാം ടെസ്റ്റിൽ ഓസ്ട്രേലിയ ഇന്ത്യയെ പരാജയപ്പെടുത്തി. 184 റൺസിനാണ് ഓസ്ട്രേലിയയുടെ ജയം. അവസാന ദിവസമായ ഇന്ന് രണ്ടാം ഇന്നിംഗ്സിൽ ഒ മ്പതിന് 228 റൺസെന്ന നിലയിൽ ബാറ്റിംഗ് ആരംഭിച്ച ഓസ്ട്രേലിയ 234 റൺസിന് പുറത്തായി.

340 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സ് ആരംഭിച്ച ഇന്ത്യക്ക് 155 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

78-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം നാളെ ബംഗാളിനെ നേരിടും. ഹൈദരാബാദ് ബാലയോഗി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇടുക്കിയിൽ കാട്ടാന ആക്രമണത്തിൽ യുവാവ് മരിച്ച സംഭത്തിൽ പ്രതിഷേധം ശക്തം. വിവിധ സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താൽ പുരോഗമിക്കുന്നതോടൊപ്പം വനം വകുപ്പ് ഓഫീസിലേക്ക് നാട്ടുകാർ പ്രതിഷേധ പ്രകടനവും നടത്തി. കൊല്ലപ്പെട്ട അമർ ഇലാഹിയുടെ മൃതദേഹം ഖബറടക്കി.

ഇന്നലെയാണ് മേയാൻ വിട്ട പശുവിനെ വീട്ടിലേക്ക് കൊണ്ടുവരാൻ പോയ അമർ ഇലാഹിയെ കാട്ടാന ആക്രമിച്ചത്. ആശുപത്രിയിലെത്തിച്ചപ്പോഴേക്കും മരിച്ചിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

...........വോയ്സ്............

ഇടുക്കി മുള്ളരിങ്ങാട്ട് കാട്ടാന ആക്രമണത്തിൽ യുവാവ് മരിച്ച സംഭവത്തിൽ നാട്ടുകാർക്കൊപ്പം വിവിധ സംഘടനകളും ജനപ്രതിനിധികളും ചേർന്ന് ശക്തമായ പ്രതിഷേധമാണ് നടത്തുന്നത്. വണ്ണപ്പുറം പഞ്ചായത്തിൽ എൽഡിഎഫ്, യുഡിഎഫ്, എൻഡിഎ മുന്നണികൾ ഇന്ന് വൈകിട്ട് ആറ് മണി വരെ ആഹ്വാനം ചെയ്ത ഹർത്താൽ പുരോഗമിക്കുകയാണ്. കൊല്ലപ്പെട്ട

അമർ ഇലാഹിയുടെ സംസ്കാര ചടങ്ങുകൾ പൂർത്തിയായ ഉടൻ തന്നെ നാട്ടുകാരും ബന്ധുക്കളും ഉൾപ്പെടെയുള്ള വൻ ജനാവലിയുടെ നേതൃത്വത്തിൽ മുള്ളരിങ്ങാട് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് പ്രതിഷേധ പ്രകടനം നടത്തി. മുള്ളരിങ്ങാട് പ്രദേശത്ത് ഇറങ്ങിയ കാട്ടാനകളെ അടിയന്തരമായി കാട് കയറ്റണം, വനാതിർത്തിയിൽ സോളാർ വേലി സ്ഥാപിക്കണം, ആർ.ആർ.ടി സംഘത്തിന്റെ സേവനം ഉറപ്പാക്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു നാട്ടുകാരുടെ പ്രതിഷേധം. കാട്ടാന ആക്രമണത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി കർമ്മ പദ്ധതി തയ്യാറാക്കുമെന്നും മരിച്ച അമറിന്റെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച ധനസഹായ തുകയുടെ ആദ്യ ഗഡു കൈമാറിയതായും സ്ഥലത്തെത്തിയ മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു.

✪✪✪

തൃശൂർ കോർപറേഷൻ മുൻ ഡെപ്യൂട്ടി മേയർ എം. വിജയൻ അന്തരിച്ചു. CPI തൃശൂർ മണ്ഡലം സെക്രട്ടറി, ഗുരുവായൂർ ദേവസ്വം ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

പൊന്നാനി വെളിയങ്കോട് ദേശീയപാത -66 മേൽപ്പാലത്തിൽ ടൂറിസ്റ്റ് ബസ് ഇടിച്ചു വിദ്യാർത്ഥിനി മരിച്ചു. കൊണ്ടോട്ടി ഒഴുകൂർ ക്രസന്റ് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥിനി ഫാത്തിമ ഹിബ ആണ് തല വൈദ്യുതി പോസ്റ്റിലിടിച്ച് മരിച്ചത്. രണ്ടു വിദ്യാർത്ഥികൾക്ക് ഗുരുതരമായി പരിക്കേറ്റു.

✪✪✪

മലപ്പുറം കാക്കഞ്ചേരിയിൽ ആംബുലൻസുകൾ ഗതാഗതക്കുരുക്കിൽ പെട്ടു രണ്ട് രോഗികൾ മരിച്ചു. എടരിക്കോട് സ്വദേശി സുലൈഖ, വള്ളിക്കുന്ന് സ്വദേശി ഷജിൽ കുമാർ എന്നിവരാണ് മരിച്ചത്. മലപ്പുറത്തെ ആശുപത്രികളിൽ നിന്ന് കോഴിക്കോട്ടേക്ക് രോഗികളുമായി പോയ ആംബുലൻസുകളാണ് കുടുങ്ങിയത്.

✪✪✪

സംസ്ഥാനത്തെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളെ പരിശീലിപ്പിക്കുന്ന അധ്യാപകർക്കും പൊലീസുകാർക്കും രണ്ട് വർഷമായി പ്രതിഫലം നൽകാത്തതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചതായി മന്ത്രി വി.ശിവൻകുട്ടി. പൊതുവിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയാണ് SPC പദ്ധതിയെയും ബാധിച്ചതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കൽപ്പറ്റ പെരിന്തട്ടയിൽ നാട്ടുകാർ നടത്തിയ റോഡ് ഉപരോധം അവസാനിച്ചു. DFO സ്ഥലത്തെത്തി ചർച്ച നടത്തിയ ശേഷമാണ് സമരം തീർന്നത്. കടുവ കൊലപ്പെടുത്തിയ പശുക്കിടാവിന്റെ ഉടമയ്ക്ക് നഷ്ടപരിഹാരം നൽകുമെന്നും കടുവയെ പിടികൂടുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉൾപ്പെടെ  വനം വകുപ്പ് ഉറപ്പ് നൽകിയതിനെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്.

✪✪✪